**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1396** **11-09-2023 - ൽ മറുപടിയ്ക്ക്**

**ചെറുവത്തൂർ വീരമലക്കുന്ന് സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹൈവേ 66 വീതി കൂട്ടുന്നതിനായി കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ വീരമലക്കുന്ന് ഇടിച്ചത് മൂലം ഉണ്ടായ പ്രത്യാഘാതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. നാഷണൽ ഹൈവേ 66 ന്റെ വീതികൂട്ടലുമായി ബന്ധപ്പെട്ടാണ് ചെറുവത്തൂർ വീരമലക്കുന്ന് ഇടിക്കേണ്ടി വന്നത്. “Benching of Slope” രീതിയിലാണ് പ്രവൃത്തി നടത്തിയത്. എന്നാൽ സമീപകാലത്ത് ഉണ്ടായ ശക്തമായ മഴ കാരണം കുന്നിന്റെ വശങ്ങൾ തകർന്നിട്ടുണ്ട്. ഇടിച്ചുമാറ്റിയ കുന്നിന്റെ " Slope Protection Work” നിർമ്മാണ കരാറിന്റെ ഭാഗമാണ്. Slope Protection Work സംബന്ധിച്ച മുൻകരുതൽ നടപടികൾ സമർപ്പിക്കാൻ ദേശീയപാത അതോറിറ്റി കൺസെഷണയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാശനഷ്ടങ്ങൾ ആവർത്തിക്കുന്നത് ഒഴിവാക്കാൻ പ്രസ്തുത പ്രവൃത്തി മഴ കാലത്തിന് ശേഷം നടപ്പാക്കുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | നാഷണൽ ഹൈവേ വീതി കൂട്ടുന്നതിന് വേണ്ടി തകർത്ത കുന്നിന്റെ ഭാഗം അപകടനിലയിലായത് ശാശ്വതമായി പരിഹരിക്കാൻ കോൺക്രീറ്റ് ഭിത്തി കെട്ടി സംരക്ഷിക്കാൻ നടപടി ഉണ്ടാകുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ